"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

വ്യവസായ (എ) വകുപ്പ്

നമ്പർ.എ3/68/2023-വ്യവ 29-04-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, മൈനിംഗ് & ജിയോളജി

സർ,

വിഷയം:- വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, 2015 - ൽ ഭേദഗതി വന്നതിനുശേഷം റോയൽറ്റിയിലും ഡീലേഴ്സ് ലൈസൻസ് ഫീസിലും ഉണ്ടായ വിലവർദ്ധനവ് മൂലം വിപണിയിലുണ്ടായ അമിത വിലവർദ്ധനവ് - നിയന്ത്രണം നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:- 31.03.2023 ലെ ജി.ഒ(പി)നം.38/2023/വ്യവ ഉത്തരവ്.

സൂചന ഉത്തരവ് പ്രകാരം കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, 2015 - ൽ ഭേദഗതി വരുത്തി ഉത്തരവായിരുന്നു. പ്രസ്തുത ഭേദഗതി ഉത്തരവ് പ്രകാരം സർക്കാർ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ റോയൽറ്റി, ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ സർക്കാർ റോയൽറ്റി, ലൈസൻസ് ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടില്ല. റോയൽറ്റി വർദ്ധിപ്പിച്ചത് ചതുരശ്ര അടിക്ക് 1.10 രൂപയും ഡീലേഴ്സ് ലൈസൻസ് ഫീസ് 18 പൈസ മുതൽ 48 പൈസവരെയുമാണ് ആകെ വർദ്ധനവ് ഉണ്ടാക്കിയത്. എന്നാൽ സർക്കാർ റോയൽറ്റി, ഫീസുകൾ വർദ്ധിപ്പിച്ചു എന്ന കാരണം കാണിച്ച് വിപണിയിൽ ഉൽപാദകരും വിതരണക്കാരും 5 രൂപ മുതൽ 15 രൂപ വരെ ചതുരശ്ര അടിക്ക് അമിത വില ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കാർ വർദ്ധിപ്പിച്ച റോയൽറ്റി/ ഫീസ് വർദ്ധനയ്ക്ക് ആനുപാതികമല്ലാത്ത അമിത വില ഈടാക്കുന്ന ഉൽപാദകരെയും വിതരണക്കാരെയും നിരീക്ഷിക്കുന്നതിനും ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും നിർദ്ദേശിക്കുന്നു. അടിയന്തിരമായി ഈ മേഖലയിലുള്ള സംഘടനകളുടെ യോഗം വിളിച്ചുകൂട്ടി പ്രശ്നപരിഹാരം വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

Signed by
Divya Y V
Date: 29-04-2023 12:24:36

സെക്ഷൻ ഓഫീസർ.

പകർപ്പ് - വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എ യ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി. എ യ്ക്ക്.

എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വ്യാപക പ്രചരണത്തിന്)